LIBRARY ARCHIVES Kerala Legislative Assembly

ഇന്ദിരാ ആവാസ് യോജന പദ്ധതി

185(477) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷങ്ങളിൽ (2006-2010) സംസ്ഥാനത്ത് ജില്ലാതലത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽമാത്രം എത്ര വീടുകൾ നിർമ്മിച്ചു നൽകി എന്ന് വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ, പൊതുവിഭാഗങ്ങൾക്ക് പ്രസ്തുത പദ്ധതി പ്രകാരം നൽകുന്ന തുക വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷങ്ങളിൽ (2006-10) സംസ്ഥാനത്ത് ജില്ലാതലത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി കൊടുത്തിരിയ്ക്കുന്നു.*

(ബി) പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ മൊത്തം 18,518 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(സി) ഇന്ദിരാ ആവാസ് യോജന പ്രകാരം ഒരു വീട് നിർമ്മിക്കുന്നതിന് അനുവദനീയമായ തുക നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. ആയതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. സംസ്ഥാനത്ത് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ത്രിതല പഞ്ചായത്തുകളിൽനിന്നും അധിക സഹായം നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഐ.എ.വൈ. പദ്ധതി പ്രകാരം ലഭ്യമാകുന്ന കേന്ദ്ര-സംസ്ഥാന വിഹിതമായ 48,500 രൂപ ഉൾപ്പെടെ സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 1,00,000 രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1,25,000 രൂപയും പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് 75,000 രൂപയും നൽകിവരുന്നുണ്ട്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

186(478) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നഗരങ്ങളിലേക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനാവശ്യമായ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) അയ്യൻകാളിയുടെ നാമധേയത്തിലുള്ള നഗരതൊഴിലുറപ്പ് പദ്ധതി ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

(ബി) നഗരപ്രദേശത്ത് കായികാധ്വാനത്തിന് തയ്യാറുള്ള കുടുംബങ്ങൾക്ക് പ്രതിവർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ "അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി" 2010 നവംബർ 1 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനു വേണ്ടി വിശദമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ 3-11-2010-ലെ സ.ഉ.(കൈ) നമ്പർ. 252/2010/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുവാനുള്ള നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. നഗരസഭകളിൽ പ്രവർത്തനം സുഗമമായി നടത്തുന്നതിന് അക്രഡിറ്റഡ് ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നീ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി നടത്തിപ്പ് ചർച്ച ചെയ്യാനായി മേയർമാർ, നഗരസഭാദ്ധ്യക്ഷൻമാർ എന്നിവരുടെ ഒന്നാം ഘട്ടയോഗം 1-12-2010-ന് വിളിച്ചുചേർത്തു.

തൊഴിലുറപ്പ് പദ്ധതി പ്രകാരം വിനിയോഗിച്ച തുക

187(479) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ തുടർന്നുള്ള ഫണ്ട് റിലീസ് ചെയ്യാൻ വേണ്ട നിർദ്ദേശങ്ങളും ലഭ്യമായ ഫണ്ട് വിനിയോഗിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ഓഡിറ്റ് റിപ്പോർട്ടും സംസ്ഥാനത്തുനിന്നും ലഭിച്ചിട്ടില്ലെന്ന് കാണിച്ച് സംസ്ഥാന റൂറൽ ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 28-10-2010-ൽ കേന്ദ്ര ഗവൺമെന്റ് എം.ജി.എൻ. ആർ.ഇ.ജി.എസ്. ഡെപ്യൂട്ടി സെക്രട്ടറി അയച്ച കത്ത് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കത്തിന് മറുപടിയും ആവശ്യമായ രേഖകളും കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് അയച്ചുകൊടുത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) 2010 നവംബർ 10-ന് കേന്ദ്ര ഗ്രാമവികസന വകുപ്പ് സെക്രട്ടറി സംസ്ഥാന ഗ്രാമവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച കത്ത് പ്രകാരം ഈ തീയതിയിൽ സംസ്ഥാന ഗവൺമെന്റ് അക്കൗണ്ടിൽ ഈ ആവശ്യത്തിന് കേന്ദ്രം നൽകിയ ഫണ്ടിൽ 80.54 കോടി രൂപ ചെലവാക്കാതെയുണ്ടെന്ന സ്റ്റേറ്റ്മെന്റ് ശരിയാണോ;

(ഡി) തുടർന്ന് ഫണ്ട് ലഭിക്കാനായി പാലക്കാട്, വയനാട്, ഇടുക്കി, ജില്ലകളിൽ നിന്നും നിർദ്ദേശങ്ങൾ പോലും ലഭിച്ചിട്ടില്ലെന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് ശരിയാണോ; അല്ലെങ്കിൽ നിർദ്ദേശങ്ങൾ എന്നാണ് അയച്ചുകൊടുത്തതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly